LIBRARY ARCHIVES Kerala Legislative Assembly

റീ-സർവ്വേ നടപടികൾ

341(2697) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ ഏതെല്ലാം വില്ലേജുകളിലാണ് റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതെന്ന് അറിയിക്കാമോ; ഇതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ വഴിക്കടവ്, മൂത്തേടം, എടക്കര, പോത്തുകല്ല് എന്നീ വില്ലേജുകളുടെ റീ-സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത വില്ലേജുകളിൽ റീ-സർവ്വേ ജോലികൾ ആരംഭിക്കാത്തതിനാൽ പൊതുജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; റീ-സർവ്വേ പൂർത്തീകരിക്കാൻ എന്തുനടപടികളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നതെന്നും എന്നത്തേയ്ക്ക് റീ-സർവ്വേ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ?

റീ-സർവ്വേ എസ്റ്റാബ്ലിഷ്മെന്റിലുള്ള ജീവനക്കാരെ വിവിധ താലൂക്കുകളിലെ LRM, സ്പെഷ്യൽ സർവ്വേ, പട്ടയ സർവ്വേ കൂടാതെ സർക്കാരിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾക്കായി നിയോഗിക്കുന്നതിനാലാണ് റീ-സർവ്വേ നടപടികൾ നീണ്ടുപോകുന്നത്.

(സി) നിലമ്പൂർ താലൂക്കിൽ റീ-സർവ്വേയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

നിലമ്പൂർ താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകളിലൊന്നും തന്നെ നിലവിൽ റീ-സർവ്വേ ജോലികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരെ നിയോഗിച്ചിട്ടില്ല.

(ഡി) റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കൂടുതൽ ഉദ്യോഗസ്ഥരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

18-11-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4685/2016/റവന്യൂ പ്രകാരം സർവ്വേയും ഭൂരേഖയും വകുപ്പിലെ എല്ലാ ജോലി ക്രമീകരണങ്ങളും റദ്ദാക്കിയിട്ടുള്ളതാണ്. എന്നാൽ ടി ജീവനക്കാർ ലാവണ ഓഫീസുകളിലേയ്ക്ക് മടങ്ങിപ്പോകുന്നത് പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനും ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കുന്നതിനും ടി ഉദ്യോഗസ്ഥർക്ക് പകരമായി അതത്

ജില്ലയിലെ റീ-സർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും താൽക്കാലികമായി ജീവനക്കാരെ നിയോഗിക്കുന്നതിന് 30-11-2016-ലെ സ.ഉ.(സാധാ) നമ്പർ 5131/2016/റവന്യൂ ഉത്തരവുപ്രകാരം ജില്ലാ കളക്ടർമാർക്ക് ചുമതല നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ 8-12-2016-ലെ സ.ഉ.(സാധാ) നമ്പർ 5348/2016/റവന്യൂ സർക്കാർ ഉത്തരവുപ്രകാരം അതത് ജില്ലയിലെ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുമായി യോഗം ചേർന്നശേഷം നടപടിക്രമം പൂർത്തീകരിച്ച് ആവശ്യമായ ജീവനക്കാരെ സർവ്വേ വകുപ്പിൽനിന്നും വിന്യസിക്കാൻ ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തിയിട്ടുള്ളതും അത്യാവശ്യ ഘട്ടങ്ങളിൽ ജില്ലയ്ക്ക് പുറത്തുനിന്നും ജീവനക്കാരെ വേണ്ടിവരുന്ന സാഹചര്യത്തിൽ സർവ്വേ ഡയറക്ടർക്കാവശ്യമായ ജീവനക്കാരുടെ സേവനം വിട്ടുനൽകുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും നിലവിലുള്ള ജോലികൾ നിർവ്വഹിക്കുന്നതിന് മതിയായ ജീവനക്കാർ ലഭ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ അധികമായി നിയമിക്കാൻ കഴിയാത്ത സാഹചര്യമാണ്.

(ഇ) നിലമ്പൂർ മണ്ഡലത്തിലെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് പൊതു ജനങ്ങളുടെ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ റീ-സർവ്വേ അപാകത സംബന്ധിച്ച തീർപ്പാക്കാത്ത അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

വില്ലേജ്	അപേക്ഷകളുടെ എണ്ണം
പോത്തുർ	100
അമരമ്പലം	135
നിലമ്പൂർ	125
ചുങ്കത്തറ	88
കാളികാവ്	50
കരുളായി	30
വെള്ളയൂർ	30

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എടകര	3
വഴിക്കടവ്	5
കരുവാരക്കുണ്ട്	55
വണ്ടൂർ	105
തിരുവാലി	74
മമ്പാട്	30
കേരള എസ്റ്റേറ്റ്	26
പുള്ളിപ്പാടം	15
ളുവ്വൂർ	35
മൂത്തേടം	11
പോത്തുക്കല്ല്	6
കുമ്പലങ്ങോട്	4
അകമ്പാടം	10
ചോക്കാട്	15
ആകെ	952

ഭൂവിനിയോഗം സംബന്ധിച്ച പഠനം

342(2698) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വലിയൊരു ഭാഗം പ്രദേശം ഉരുൾപൊട്ടൽ ഭീഷണി നേരിടുന്നതിനാൽ അവിടുത്തെ ഭൂവിനിയോഗം സംബന്ധിച്ച് പഠനം നടത്തണമെന്ന് ദുരന്തനിവാരണ അതോറിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?